# മാദ്രെ-ദെ-ദേവൂസ് ദൈവാലയം, വെട്ടുകാട്

## ക്രിസ്തുരാജത്വതിരുന്നാൾ 2018 പന്തൽ ക്വട്ടേഷൻ നമ്പർ 2

## സ്നേഹവിരുന്ന് പന്തൽ, സ്കൂൾ ഗ്രൗണ്ട് പാർക്കിംഗ്

1. നിലവിലുള്ള സ്കൂൾ ഫ്ളാറ്റ് ഫോം കവർ ചെയ്ത് സ്നേഹവിരുന്നിന് ആവശ്യമായ പന്തൽ 240 അടി നീളത്തിൽ (ഇരുവശവും 12 അടി പൊക്കം) 90 അടി വീതിയിൽ മുകളിൽ ഷീറ്റ് അടിച്ച് ചോർച്ച ഇല്ലാതെ തൂണുകൾ കുറച്ച് കെട്ടി നൽകണം.

2. നിലവിലുള്ള സ്കൂൾ ഫ്ളാറ്റ് ഫോമിന് മുകളിൽ പുതിയ വെള്ളതുണി ഉപയോഗിച്ച് മൂന്ന് വശവും മേൽക്കൂരയുടെ അടി ഭാഗവും മറച്ച് നൽകണം.

3. പാചകത്തിന് സ്കൂൾ കഞ്ഞി ഷെഡു മുതൽ വടക്ക് വശത്തുള്ള സ്കൂൾ വരെ 60 അടി നീളത്തിലും 35 അടി വീതിയിലും നീളത്തിന്റെ ഇരുവശത്തും 10 അടി ഉയരത്തിൽ ഷീറ്റ് അടിച്ച് കെട്ടി ചോർച്ച ഇല്ലാതെയും മദ്ധ്യത്തിൽ തൂണുകൾ ഇല്ലാതെയും നൽകണം. പാചകപ്പുരയുടെ 3 വശങ്ങളിൽ 5 അടി പൊക്കത്തിൽ തറയിൽ നിന്ന് മറയ്ക്കേണ്ടതാണ്.

4. സ്നേഹവിരുന്ന് 240 അടി പന്തലിനകത്ത് കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സ്നേഹവിരുന്ന് വിതരണത്തിനായി പതിമൂന്ന് കൗണ്ടറുകൾ തിരിക്കണം.

5. സ്നേഹവിരുന്നിന്റെ പാത്രങ്ങൾ കഴുകുന്നതിനുള്ള സൗകര്യത്തിനായി കൗൺസിൽ നിർദ്ദേശിക്കുന്നിടത്ത് ടാർപ്പാളിൻ കെട്ടി നൽകണം.

6. ഹൈസ്കൂൾ മൈതാനത്ത് എൽ.ഇ.ഡി കെട്ടുന്നതിനായി 9 മീറ്റർ ഉയരത്തിൽ 2 സ്ക്വയർ ടവർ 14.11.2018 ന് മുമ്പായി കെട്ടി നൽകണം.

7. സ്കൂൾ ഗ്രൗണ്ടിൽ പാർക്കിംഗിന് കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ കുറ്റി അടിച്ച് റോപ്പ് കെട്ടി തിരിച്ച് 13.11.2018 ന് മുമ്പായി നൽകണം.

8. സ്നേഹവിരുന്ന് സ്ഥലത്തെ ജോലികൾ 21.11.2018 ബുധനാഴ്ച പൂർത്തിയാക്കി കുറവുകൾ പരിഹരിച്ച് കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

9. പതിനായിരം ലിറ്ററിന്റെ വാട്ടർ ടാങ്ക് വയ്ക്കുന്നതിന് നാല് സ്ഥലങ്ങളിലായി നാല് അടി ഉയരത്തിൽ ബലമുള്ള തടിയോ മറ്റു സാധനങ്ങളോ ഉപയോഗിച്ച് ഫ്ളാറ്റ്ഫോം നിർമ്മിച്ച് കൈകഴുകുന്ന വെള്ളം ഒഴുകി പോകുന്നതിന് ഷീറ്റ് ഉപയോഗിച്ച് ചാല് ഉണ്ടാക്കണം. ഷീറ്റിന് മുമ്പിലായി ബലമുള്ള

വേലിയും കെട്ടണം. ഈ ജോലികൾ 21.11.2018 ൽ പൂർണ്ണമായി ചെയ്തു തീർക്കണം.

**വർക്കുകൾ ഒറ്റനോട്ടത്തിൽ**

1. സ്നേഹവിരുന്നിന് ആവശ്യമായ പന്തൽ – 240’ x 90’ x 12’ (side)
2. പാചക പന്തൽ – 60’ x 35’ x 10’
3. ആവശ്യമായ കൗണ്ടറുകൾ,ബാരിക്കേട് – 13 Nos
4. ലൈറ്റ് ടൗവ്വർ, പാർക്കിംഗ് സൗകര്യം – 2 Nos
5. വാട്ടർ സ്റ്റാന്റ്, കൈ കഴുകാനുള്ള സൗകര്യം–4 Nos
6. ടാർപ്പാളിൻ – 2 Nos

**നിബന്ധനകൾ**

1. ജോലിയുടെ 50% പൂർത്തിയാകുമ്പോൾ ക്വട്ടേഷൻ തുകയുടെ 40% നൽകുന്നതും, ജോലി മുഴുവനും പൂർത്തിയാകുമ്പോൾ ക്വട്ടേഷൻ തുകയുടെ 35% കൂടി നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ തുകയുടെ ബാക്കി 25% ടി സാധനങ്ങൾ site–ൽ നിന്നും നീക്കം ചെയ്തതിന് ശേഷമായിരിക്കും നൽകുന്നത്. രണ്ട് ദിവസത്തിനകം അതായത് 27.11.2018 നകം അഴിച്ചു മാറ്റേണ്ടതാണ്.
2. മോശമായ കാലാവസ്ഥ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരു കാരണവശാലും അധികതുക നൽകുന്നതല്ല.
3 ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വരെ ബോധ്യപ്പെടുത്തി റിക്കാർഡു ചെയ്യേണ്ടതാണ്. ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി വന്നാൽ കരാറു തുകയിൽ നിന്നും കുറവുവരുത്താൻ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

NB:- കരാറുകാരൻ കൊണ്ടുവരുന്ന സാധനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് തന്നെയായിരിക്കും, സാധനങ്ങൾ നഷ്ടപ്പെടുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ പള്ളിയോ, പാരീഷ് കൗൺസിലോ യാതൊരുവിധ ഉത്തരവാദിത്വവും ഏറ്റെടുക്കുകയോ നഷ്ടപരിഹാര തുക നൽകുകയോ ചെയ്യുന്നതല്ല.

| **ഫാ. ജോസഫ് ബാസ്റ്റിൻ** | **റെറ്റി ഫെലിക്സ്** | **എ.വർഗ്ഗീസ് ഫെർണാണ്ടസ്** |
|---|---|---|
| ഇടവകവികാരി | ധനകാര്യകൺവീനർ | സെക്രട്ടറി |

## മാദ്രെ-ദെ-ദേവൂസ് ദൈവാലയം, വെട്ടുകാട്

## ക്രിസ്തുരാജത്വതിരുന്നാൾ 2018 പന്തൽ ക്വട്ടേഷൻ നമ്പർ 1

### (എ). ക്രിസ്തുരാജ പാദത്തിലുള്ള പന്തൽ

1. ക്രിസ്തുരാജ പാദത്തിൽ ഇരുനില ഫൈബർഷീറ്റ്, പന്തൽ, പന്തൽ 130 അടി നീളത്തിലും 70 അടി വീതിയിലും കെട്ടി നൽകണം. നീളത്തിന്റെ ഇരുവശങ്ങളിലും 12 അടി ഉയരം ഉണ്ടായിരിക്കണം. പന്തലിന്റെ മുകൾവശവും, സൈഡിലും നല്ല രീതിയിൽ അലങ്കരിക്കണം. പന്തലിനകത്തും വശങ്ങളിലും വിരിക്കുന്നതിന് പുതിയ വെള്ളതുണികൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. പന്തലിന്റെ മുൻവശത്തെ പുറത്തെ തൂണുകളിൽ ഒലട്ടിയും, വാഴക്കുലയും, കദളിതേങ്ങയും കരാറുകാരൻ കെട്ടേണ്ടതാണ്. പന്തലിനകത്ത് യാതൊരുവിധ ചോർച്ചയും പാടില്ല. മേൽക്കൂരയുടെ വശങ്ങളിൽ മേൽക്കൂര കാണാതിരിക്കാൻ കുറഞ്ഞത് 4 അടിയെങ്കിലും ബോർഡർ നൽകേണ്ടതാണ്. നല്ലരീതിയിൽ പന്തൽ അലങ്കരിക്കണം.
2. ക്രിസ്തുരാജ പാദത്തിലുള്ള പന്തൽ 09.11.2018 ന് മുമ്പ് പണി പൂർണ്ണമായി ചെയ്ത് തീർക്കേണ്ടതാണ്. പൊളിച്ചു മാറ്റുന്നത് 02.12.2018 നു ശേഷമായിരിക്കണം.
3. പന്തലിനകത്തെ തൂണിൽ കെട്ടിയിരിക്കുന്ന ഒലട്ടിയും വാഴക്കുലയും കദളിതേങ്ങയും കരാറുകാരൻ 16.11.2018 വെള്ളി, 20.11.2018 ചൊവ്വ, 24.11.2018 ശനി എന്നീ ദിവസങ്ങളിൽ മാറ്റി പുതിയത് കെട്ടേണ്ടതാണ്.

### (ബി). പൂജാ സ്റ്റേജ് (പ്ലാറ്റ് ഫാം പന്തൽ)

4. പൂജാസ്റ്റേജ് 80 അടി നീളവും 60 അടി വീതിയും ഫ്ളാറ്റ്ഫോമിൽ നിന്നും പുറകുവശം 20 അടി പൊക്കത്തിൽ മുകളിൽ ഷീറ്റിട്ട് അകവശം പുതിയ വെള്ളത്തുണി വിരിച്ച് അലങ്കരിക്കണം.
5. പൂജാസ്റ്റേജിന്റെ ഫ്ളാറ്റ്ഫോം തറയിൽ നിന്ന് 4 അടി ഉയരം ഉണ്ടായിരിക്കണം. (ഫ്ളാറ്റ്ഫോമിൽ നിന്നും പുറക് വശത്തെ പന്തലിന്റെ ഉയരം 20 അടി ആയിരിക്കണം).
6. പൂജാസ്റ്റേജിനോടുകൂടെ ചേർന്ന് 20 അടി വീതിയിലും 15 അടി നീളത്തിലും പന്തൽ കെട്ടി, ഗായകസംഘത്തിന് നിൽക്കുന്നതിനുള്ള സൗകര്യത്തിനായി 3 അടിയും 2 അടിയും ഉയരത്തിലുമുള്ള ഫ്ളാറ്റ്ഫോം ഉണ്ടായിരിക്കണം. അകവശം വെള്ളതുണിയും വിരിക്കണം.
7. പൂജാസ്റ്റേജിന്റെ മുൻവശത്ത് നിന്നും തെക്ക് വശത്തു കൂടി കയറുന്നതിന് 4 അടി വീതിയിൽ ഒരു റാംബും സ്റ്റേജിന്റെ മദ്ധ്യഭാഗത്തായി 8 അടി വീതിയിൽ ഒരു റാംബും കെട്ടി നൽകണം. പൂജാസ്റ്റേജിന്റെ പുറക് വശം ബലമായി ഷീറ്റ് ഇട്ട് വെളിച്ചം കയറാത്ത രീതിയിൽ കെട്ടി മറയ്ക്കണം. പൂജാസ്റ്റേജിന്റെ മൂന്നു വശവും കാറ്റ് അകത്ത് കടക്കാത്ത രീതിയിൽ മറയ്ക്കണം.

8. പൂജാസ്റ്റേജ് ഫ്ളാറ്റ്ഫോമുകളിൽ കരാറുകാരൻ തന്നെ 16/11/2018 ലും 25/11/2018 ലും കാർപ്പറ്റ് (ഫ്ളോറിംഗ് ഷീറ്റ്) വിരിക്കണം.

9. പൂജാ സ്റ്റേജിന്റെ പണി 12.11.2018 നു മുമ്പ് കൊടിയേറ്റിന് ആവശ്യമായ രീതിയിൽ പൂർണ്ണമായി ചെയ്തു തീർക്കേണ്ടതാണ്. 22.11.2018 ൽ വെള്ളവിരിപ്പ് പുതുക്കി പണിയണം. പൊളിച്ച് മാറ്റുന്നത് 26.11.2018 ന് ശേഷമായിരിക്കണം.

10. പൂജാസ്റ്റേജിന് മുൻവശത്തും കൊടിക്കളത്തിന്റെ ചുറ്റിലും കാർപ്പറ്റ് വിരിച്ച് വി.ഐ.പികൾക്കും മറ്റും ഇരിക്കാൻ 1000 കസേര കരാറുകാരൻ തന്നെ 16.11.2018, 25.11.2018 എന്നീ തീയതികളിൽ നിരത്തി ഇടേണ്ടതാണ്.

11. പൂജാസ്റ്റേജിന്റെ മുൻവശത്ത് മുകളിലായി 3 അടി വീതിയിൽ മേൽക്കൂരയുടെ ചുറ്റും ബോർഡർ കെട്ടി '**ക്രിസ്തുരാജത്വതിരുന്നാൾ മഹാമഹം 2018**' എന്ന് തെർമോകോളിൽ വെട്ടി വയ്ക്കണം.

12. കൊടിയിറക്ക് 16 അടി നീളം, 8 അടി വീതി പ്ലാറ്റ്ഫോം ചെയ്യണം.

## (സി). മൈതാനത്തുള്ള മറ്റ് ജോലികൾ

13. മൈതാനത്തുള്ള മറ്റ് ജോലികൾ:- ടി.വി.കവറേജിനുള്ള ഫ്ളാറ്റ്ഫോമുകൾ 5 എണ്ണം, കൊടിക്കളത്തിനടുത്ത് ക്യാമറ വയ്ക്കാനുള്ള ടവറുകൾ, മൈതാനത്തിന് മദ്ധ്യത്ത് കൊടിക്കളത്തിന് ചുറ്റും ആഡിറ്റോറിയത്തിന്റെ മദ്ധ്യഭാഗത്തും ആവശ്യമുള്ള ബാരിക്കേടുകൾ കെട്ടണം. കൂടാതെ 16.11.2018, 25.11.2018 എന്നീ ദിവസങ്ങളിൽ മൈതാനത്ത് എടുത്തു മാറ്റാവുന്ന 10 അടി നീളവും 10 അടി വീതിയും ഉള്ള രണ്ട് കുടകളോ മറ്റു പന്തലോ നൽകേണ്ടതും വൈകുന്നേരം 5 മണിക്ക് മുമ്പായി അവ എടുത്തു മാറ്റേണ്ടതുമാണ്.

LED Wall-നുള്ള stand with covering - 4 Nos

## (ഡി). പൂപന്തൽ, ആർച്ച്

14. HSS ജംഗ്ഷൻ മുതൽ SBT Bank വരെ 18 അടി ഉയരത്തിലും, പള്ളി മെയിൻ റോഡ് ജംഗ്ഷൻ മുതൽ ദിവ്യബലി ഫ്ളാറ്റ്ഫോം വരെ 15 അടി ഉയരത്തിലും റോഡിന്റെ ഇരുവശവും തൂണ് നൽകി പൂപന്തൽ ഭംഗിയായി കെട്ടണം. പള്ളിയുടെ മുൻവശത്ത് Silver കൊണ്ട് അലങ്കരിക്കുന്നത് നന്നായിരിക്കും. പൂപന്തലിന്റെ അലങ്കാര അകലം ഒന്നര അടിയിൽ കൂടാൻ പാടില്ല.

15. അർച്ച് കെട്ടേണ്ട സ്ഥലങ്ങൾ :

**കൊട്ടിയമ്പലം ആർച്ച്** ഒരു എണ്ണം മേടയ്ക്ക് മുൻവശം.

**പൈപ്പ് ബോക്സ് ആർച്ച് വലുത്** രണ്ട് എണ്ണം സ്കൂളിന് മുൻവശം, എസ്.ബി.റ്റി. ബാങ്കിന്റെ മുമ്പിൽ വടക്കായി.

**പൈപ്പ് ബോക്സ് ആർച്ച്** എട്ട് എണ്ണം 1. ശംഖുമുഖം, 2. സെന്റ്. സെബാസ്റ്റ്യൻ ചർച്ച് 3. ബാലനഗർ 4. മാധവപുരം 5. വേളി 6. പ്രീമിയർ 7. സെന്റ് സെബാസ്റ്റിൻ റോഡിനു കിഴക്കുവശം 8. ടൈറ്റാനിയം

**കൈ ആർച്ച്** രണ്ട് എണ്ണം ചാക്ക, ആൾസെയിന്റ്സ്

16. ആർച്ചുകൾ കെട്ടുമ്പോൾ '**ക്രിസ്തുരാജസന്നിധിയിലേക്ക് സ്വാഗതം**' എന്ന്

തെർമോകോളിൽ വെട്ടി വയ്ക്കണം.

17. ആർച്ചുകളുടെയും പൂപന്തലിന്റെയും പണികൾ 15.11.2018 നു മുമ്പ് ചെയ്ത് തീർക്കണം.

## (ഇ). ടൗവറുകൾ ഹാലജൻ കെട്ടുന്നതിന്

18. സ്ക്വയർ ടൗവറുകൾ 9 മീറ്റർ പൊക്കത്തിൽ ബലമായി 12.11.2018 നു മുമ്പ് കെട്ടി നൽകണം. പഴയ സ്കൂൾ ഗ്രൗണ്ടിൽ – 2, കടപ്പുറം – 10, പൂജാ സ്റ്റേജ് മൈതാനം – 8. ക്രിസ്തുരാജപാദത്തിന്റെ ഇരുവശവും 50 അടി പൊക്കവും 30 അടി വീതിയിലും ഡിസൈൻ ബോർഡ് വയ്ക്കുന്നതിനുള്ള 2 ടൗവർ കെട്ടി നൽകേണ്ടതാണ്

## (എഫ്). കടകൾ

19. കടകൾ:– 260 അടി നീളം 70 അടി വീതിയിൽ ഷീറ്റ് അടിച്ച് പന്തൽ കെട്ടണം. കടയുടെ കിഴക്കു വശം 4 അടി വീതിയിൽ ബോർഡർ നൽകണം. പണികൾ 09.11.2018 നു മുമ്പ് ചെയ്ത് തീർക്കണം.

## (ജി). പോലീസ് എയ്ഡ് പോസ്റ്റ്, ഫയർ ഫോഴ്സ്

20. ജനറേറ്റർ റൂം ഫയർഫോഴ്സിനു നൽകുന്നതിനാൽ അതിനു തൊട്ടടുത്തായി പന്തൽ 20 അടി നീളത്തിലും 20 അടി വീതിയിലും കൂടാതെ 4 പേർക്ക് കിടക്കുവാനുള്ള സൗകര്യത്തോടുകൂടി 2 അടി പൊക്കത്തിൽ പ്ലാറ്റ് ഫോം കെട്ടി വിരി വിരിച്ച് നൽകേണ്ടതാണ്.
21. 15 അടി നീളത്തിലും 10 അടി വീതിയിലും കടപ്പുറത്ത് പോലീസ് എയ്ഡ് പോസ്റ്റിനു വേണ്ടി പന്തൽ കെട്ടി താഴ്വശം 3 അടി ഉയരത്തിൽ മറയ്ക്കണം.
22. പള്ളിമേടയുടെ പുറത്തെ പാർക്കിംഗിൽ പോലീസിനും നിരീക്ഷണ ക്യാമറകൾക്കുമായി 60 അടി നീളത്തിൽ 20 അടി വീതിയിൽ 10 അടി പൊക്കത്തിൽ ചോർച്ചയില്ലാതെ പന്തൽ കെട്ടി വെള്ള വിരിച്ച് മുൻപിലായി താഴ്വശവും മുകൾ വശവും ബോർഡർ നൽകി കെട്ടണം.
23. ഈ ജോലികൾ 14.11.2018 നു മുമ്പ് ചെയ്തു തീർക്കണം.
24. ശബ്ദവും വെളിച്ചവും ആവശ്യത്തിനായി 30 അടി നീളത്തിലും 20 അടി വീതിയിലും പന്തൽ കെട്ടി വശങ്ങളിൽ ഷീറ്റ് കൊണ്ട് മറയ്ക്കണം.

## നിബന്ധനകൾ

25. ക്രിസ്തുരാജപാദത്തുള്ള പന്തൽ, പൂപന്തൽ, ആർച്ചുകൾ, പൂജാസ്റ്റേജ്, കൊടിയേറ്റ് സ്റ്റേജ്, മൈതാനത്തുള്ള പണികൾ എന്നിവയുടെ ജോലികൾ 12.11.2018 തിങ്കളാഴ്ച പൂർത്തിയാക്കി 14.11.2018 ബുധനാഴ്ച കുറവുകൾ പരിഹരിച്ച് പാരീഷ് കൗൺസിലിനെ ബോധ്യപ്പെടുത്തേണ്ടതാണ്. കടകൾ 09.11.2018 നും പോലീസ് എയ്ഡ് പോസ്റ്റ്, ഫയർ ഫോഴ്സ് പന്തൽ, ഇൻഫർമേഷൻ സെന്റർ എന്നിവ 14.11.2018 നും മുമ്പായി പൂർത്തിയാക്കണം.
26. ജോലിയുടെ 50% പൂർത്തിയാകുമ്പോൾ ക്വട്ടേഷൻ തുകയുടെ 40% നൽകുന്നതും, ജോലി മുഴുവനും പൂർത്തിയാകുമ്പോൾ ക്വട്ടേഷൻ തുകയുടെ 35% കൂടി നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ തുകയുടെ ബാക്കി 25% ടി സാധനങ്ങൾ site-ൽ നിന്നും നീക്കം ചെയ്തതിന് ശേഷമായിരിക്കും നൽകുന്നത്
27. മോശമായ കാലാവസ്ഥ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരു കാരണവശാലും അധികതുക നൽകുന്നതല്ല.
28. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വരെ ബോധ്യപ്പെടുത്തി റിക്കാർഡു ചെയ്യേണ്ടതാണ്. ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി വന്നാൽ കരാറു തുകയിൽ നിന്നും കുറവുവരുത്താൻ പാരീഷ് കൗൺസിലിന് അധികാരമുണ്ടായിരിക്കും.

## വർക്കുകൾ ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| 1. ക്രിസ്തുരാജ പാദം | – | 130’ x 70’ x 12’ |
| 2. പൂജാസ്റ്റേജ് | – | 80’ x 60’ x 20’ |
| 3. പൂജാസ്റ്റേജിന്റെ ഫ്ളാറ്റ്ഫോം | – | 80’ x 60’ x 4’ |
| 4. ഗായകസംഘത്തിന്റെ ഫ്ളാറ്റ്ഫോം | – | 20’ x 15’ x 2’x3’1Nos |
| 5. റൂഫ് | – | 20’ x 15’ x 10’1Nos |
| 6. ടി.വി കവറേജിനുള്ള ഫ്ളാറ്റ്ഫോം | – | 5 |
| 7. പൂ പന്തലിന്റെ ഉയരം | – | 18 |
| 8. ആകെ ടവർ | – | 18 Tower |
| 9. ഫയർഫോഴ്സ് പന്തൽ | – | 40’ x 20’ 4 bed Platform |
| 10. പോലീസ് എയ്ഡ് പോസ്റ്റ് | – | 60’ x 20’ x 10’ |
| 11. പോലീസ് എയ്ഡ് പോസ്റ്റ് (കടപ്പുറം) | – | 15’ x 10’ |
| 12. മൈക്ക് സെറ്റ് പന്തൽ | – | 30’ x 20’ x 10’ |
| 13. കടകൾ, പന്തൽ | – | 260’ x 80’ x 12’ |
| 14. ആർച്ച്,ഒലട്ടി,തെർമോകോൾ കട്ടിംഗ് | – | 13 Nos + 1 Nos Poojastage |
| 15. വാട്ടർ സ്റ്റാന്റ് (പള്ളി പരിസരം) | – | 1 Nos |
| 16. മൈതാനത്തുള്ള ബാരിക്കേട് മുതലായവ | – | |
| 17. L E D Wall നുള്ള stand with covering | | |

NB:– കരാറുകാരൻ കൊണ്ടുവരുന്ന സാധനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് തന്നെയായിരിക്കും, സാധനങ്ങൾ നഷ്ടപ്പെടുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ പള്ളിയോ, പാരീഷ് കൗൺസിലോ യാതൊരുവിധ ഉത്തരവാദിത്വവും ഏറ്റെടുക്കുകയോ നഷ്ടപരിഹാര തുക നൽകുകയോ ചെയ്യുന്നതല്ല. യാതൊരു കാരണവശാലും പള്ളിയും പള്ളിയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും KSEB കറണ്ട് എടുക്കുവാൻ പാടുള്ളതല്ല. എടുത്തതായി ശ്രദ്ധയിൽപ്പെട്ടാൽ കമ്മിറ്റി തീരുമാനിക്കുന്ന പിഴ ഇടാക്കുന്നതാണ്.

| | | |
|---|---|---|
| **ഫാ. ജോസഫ് ബാസ്റ്റിൻ** | **റെറ്റി ഫെലിക്സ്** | **എ.വർഗ്ഗീസ് ഫെർണാണ്ടസ്** |
| ഇടവകവികാരി | ധനകാര്യകൺവീനർ | സെക്രട്ടറി |

## മാദ്രേ-ദെ-ദേവൂസ് ദൈവാലയം, വെട്ടുകാട്

## ക്രിസ്തുരാജത്വതിരുന്നാൾ 2018 ക്വട്ടേഷൻ നമ്പർ 3

## ലൈറ്റ്, സൗണ്ട്സ്, ഇലുമിനേഷൻ

1. Box - 100 Nos
2. സ്ക്വയർ ബോക്സ് 20 Nos
3. Tube Light - 750 Nos
4. എൽ.ഇ.ഡി 400 wts - 160 Nos
5. Mic, Mixer, Montor etc പള്ളികർമ്മാദികൾക്ക് ആവശ്യമുള്ളത്
6. പാരലൽ ലൈറ്റും എൽ.ഇ.ഡി ലൈറ്റും ആവശ്യത്തിന്
7. ഫാൻ – 40 Nos
8. സ്നേഹവിരുന്ന് ബോക്സ് 12, കോഡ്ലസ്സ് മൈക്ക് 2, ആംപ്ലിപ്ലെയർ, 4 പവർ സോക്കറ്റുകൾ മുതലായവ, പള്ളി കർമ്മാദികൾ കേൾക്കും വിധം ക്രമീകരിക്കണം.
9. 12 എൽ.ഇ.ഡി 40 wts, 20 ടൂബ് ലൈറ്റ് (2 ദിവസം)
10. കടകൾക്ക് ആവശ്യമായ ടൂബ് ലൈറ്റും പ്ലഗ്ഗുകളും
11. പൂജാസ്റ്റേജിൽ ഓപ്പൺ എ.സി – 4 Nos
11. ജനറേറ്റർ (സ്കൂളിന്റെ പടിഞ്ഞാറ് വശം, സ്കൂൾ ഗ്രൗണ്ട്, പാചകത്തിന് ആവശ്യത്തിനായി, പുതിയ പാർക്കിംഗ് ഏരിയ, ഫ്ളോട്ട്, കൊടിയേറ്റ് കർമ്മത്തിനാവശ്യമായത് ലൈറ്റുകളും മറ്റും, പരോക്യൽ ഹൗസിനു അടുത്തുള്ള പാർക്കിംഗ്) (ദേവാലയത്തിനകത്തുള്ള സൗണ്ട് സിസ്റ്റത്തിലെ ഔട്ട് ഉപയോഗിക്കേണ്ടതാണ്).
12. കമ്യൂണിറ്റി ഹളിൽ ഗായകസംഘത്തിന് പ്രാക്ടീസിന് ആവശ്യമായ സൗണ്ട് സിസ്റ്റവും ജനറേറ്ററും.

## നിബന്ധനകൾ

| ക്രമ ന. | വിശദീകരണം | ബോക്സ് | സ്ക്വയർ ബോക്സ് | മൈക്ക |
|---|---|---|---|---|
| 1 | പള്ളിയുടെ വടക്കേ അതിർത്തി തോമസ് സെബാസ്റ്റ്യന്റെ വീട് മുതൽ തെക്ക് വയർലെസ് സ്റ്റേഷൻ റോഡ് വരെ | 15 | | |
| 2 | കോൺവെന്റ് റോഡ് പ്രീമിയർ വരെ | 10 | | |
| 3 | പള്ളിപരിസരം | 20 | | |
| 5 | ആഡിറ്റോറിയം(കൊടിക്കളത്തിനുചുറ്റും) ലൈബ്രറിയ്ക്കകത്ത് | 2 | 20 | 2 |
| 6 | പള്ളിയുടെ പടിഞ്ഞാറ്, വടക്ക്, തെക്ക് അതിർത്തിവരെ | 16 | | |
| 7 | ട്രാൻസ്പോർട്ട് ഓഫീസ് | 2 | | 1 |
| 8 | സ്നേഹവിരുന്ന് | 12 | | 2 |
| | എച്ച്.എസ്.എസ് റോഡ് | 4 | | |
| | സൊസൈറ്റി പാർക്കിംഗ് | 4 | | |
| | കടപ്പുറത്തെ ടവ്വറുകളിൽ | 4 | | |
| | | 101 | 20 | 5 |

Box Arrangement

ആവശ്യമായ വഴികളിലും സ്ഥലത്തും ഉചിതമായ ആംപ്ലിഫയറുകൾ ഉപയോഗിക്കണം.

ഫാൻ ഉപയോഗിക്കേണ്ട സ്ഥലം:- ക്രിസ്തുരാജ പാദത്തെ പന്തലിന് ചുറ്റും, ഫയർഫോഴ്സ്, പോലീസ് എയ്ഡ് പോസ്റ്റ്, കെ.എസ്.ഇ.ബി, ഇൻഫർമേഷൻ സെന്റർ, തുടങ്ങിയവ

## Light Arrangements

### ട്യൂബ് ലൈറ്റ് അറേഞ്ച്മെന്റ്സ്

പ്രദക്ഷിണം കടന്നുപോകുന്ന കൊച്ചുവേളി പള്ളി മുതൽ കണ്ണാന്തുറ പള്ളി വരെയും ആർച്ച്, പൂപന്തൽ, ക്രിസ്തുരാജപാദത്തുള്ള പന്തലിനകവശം, ഇൻഫർമേഷൻ സെന്റർ, കടകൾ, ഫയർ ഫോഴ്സ് പന്തൽ, ദിവ്യബലി സ്റ്റേജ്, കൊടിയേറ്റ് സ്റ്റേജ് etc. സ്നേഹവിരുന്ന് പന്തൽ, പാചകപ്പുര, ഫ്ളാറ്റ്ഫോം, സ്കൂളിന്റെ സൈഡിൽ ആവശ്യമായ ലൈറ്റും, പുതിയ പാർക്കിംഗ് ഏരിയ, പാരോക്യൽ ഹൗസിനടത്തുള്ള പാർക്കിംഗ് ഏരിയ, ഗ്രൈന്ററിന് 4 പവർ സോക്കറ്റ് ബോർഡുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

**പാരലൽ ബൾബുകൾ പന്തലിനകവശം ആവശ്യത്തിന്**

| MH ക്രമ ന. | **ലൈറ്റുകൾ** വിശദീകരണം | എണ്ണം |
|---|---|---|
| 1. | ബാലനഗർ റോഡിൽ | 8 |
| 2. | കോൺവെന്റ് റോഡ് പ്രിമിയർ ഷോപ്പ് വരെ | 8 |
| 3. | സെന്റ് സെബാസ്റ്റ്യൻ റോഡിൽ | 4 |
| 4. | തീരപ്രദേശം റോഡ് മുതൽ എച്ച്.എസ്.എസ് ഗേറ്റ് വരെ | 11 |
| 5. | കോൺവെന്റ് മതിലിന്റെ കിഴക്ക് വശമുള്ള റോഡിൽ | 4 |
| 6. | കോൺവെന്റ് റോഡിൽ നിന്നും എച്ച് എസ് സ്കൂളിന്റെ കിഴക്ക് വശത്തുള്ള റോഡിൽ കൂടി മുസ്ലീം പള്ളിവരെ | 6 |
| 7. | വടക്ക് കിഴക്ക് റ്റി.റ്റി.പി ഭാഗം റെയിൽവേ സ്റ്റേഷനിലേയ്ക്ക് പോകുന്ന റോഡിൽ | 2 |
| 8. | പാർക്കിംഗ്-പഴയ എച്ച്.എസ് സ്കൂൾ ഗ്രൗണ്ടിൽ രണ്ടു ടവ്വറിൽ | 12 |
| 9. | എൽ.പി.എസ് ഗ്രൗണ്ടിൽ | 4 |
| 10. | കമ്യൂണിറ്റിഹാളിന്റെ ഇരുവശങ്ങളിൽ | 6 |
| 11. | പടിഞ്ഞാറു ഭാഗത്ത് (കടപ്പുറം) 8 ടവറിൽ | 37 |
| 12. | ദിവ്യബലി സ്റ്റേജ് മൈതാനത്തെ 6 ടവറിൽ | 48 |
| 13. | സിമിത്തേരിയുടെ മുൻഭാഗത്ത് | 2 |
| 14 | പുതിയ പാർക്കിംഗ് ഏരിയയിൽ | 8 |
| | | 160 |

ടി ലൈറ്റുകൾ 15.11.2017 ൽ ജോലികൾ പൂർത്തിയാക്കി നവംബർ 17,23,24,25 എന്നീ ദിവസങ്ങളിൽ വൈകുന്നേരം 6.00 മണി മുതൽ രാവിലെ 6.00 മണി വരെയും നവംബർ 17,18,19,20,21,22 എന്നീ ദിവസങ്ങളിൽ വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണി വരെയും പ്രവർത്തിപ്പിക്കേണ്ടതാണ്. വെട്ടുകാട് സ്കൂൾ മുതൽ എസ്.ബി.റ്റി ബാങ്ക് വരെ 16.11.2018 മുതൽ 25.11.2018 വരെ റോഡിന്റെ ഇരുവശവും എൽ.ഇ.ഡി ലൈറ്റ് ഇടേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽ 23.11.2018 മുതൽ 25.11.2018 വരെയും ലൈറ്റ് ഇടേണ്ടതാണ്.

## എൽ.ഇ.ഡി ഇടേണ്ട സ്ഥലങ്ങൾ

പള്ളിക്കകവും, ഡിസൈൻ ബോർഡ്, പള്ളിപരിസരത്തുള്ള മരങ്ങൾ, തെങ്ങുകൾ, കമ്മ്യൂണിറ്റി ഹാൾ മുൻവശം, ലൈബ്രറിയുടെ മുൻവശം, കോൺവെന്റ്, കോൺവെന്റ് ചാപ്പൽ, പള്ളിമേട, മേട കോമ്പൗണ്ടിനകത്തുള്ള വൃക്ഷങ്ങൾ, ബുക്ക് സ്റ്റാൾ, പിൽഗ്രിം സെന്റർ, സൊസൈറ്റി ബിൽഡിംഗ് തുടങ്ങിയവ. ബോർഡുകൾ കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ വയ്ക്കേണ്ടതാണ്.

## വഴി അലങ്കാരത്തിന് വേണ്ടിയുള്ള കഴകളും എൽ.ഇ.ഡി ലൈറ്റും ട്യൂബും മറ്റ് വസ്തുക്കളും

1. ട്യൂബ് കെട്ടുന്നതിനും എൽ.ഇ.ഡി ബൾബുകൾ കൊണ്ട് അലങ്കരിക്കുന്നതിനും വേണ്ടി നല്ലയിനം മുളകൾ റോഡിന്റെ ഇരുവശവും കുഴിച്ചിട്ട് തറ നിരപ്പിൽ നിന്ന് ഏഴ് അടി പൊക്കത്തിന് മുകളിൽ മൂന്ന് അടി വീതിയിൽ എൽ.ഇ.ഡി ബൾബുകൾ കൊണ്ട് അലങ്കരിക്കുന്നതിലേയ്ക്ക് വേണ്ടി രണ്ട് ലൈൻ കയർ കെട്ടണം. ഈ ജോലി 09.11.2016 ന് മുമ്പ് ചെയ്തു തീർക്കണം.
2. റോഡിന് ഇരുവശവും എൽ.ഇ.ഡി ലൈറ്റുകൾ 2 അടി അകലത്തിൽ 3 അടി പൊക്കത്തിൽ ഇടണം.

പണി ചെയ്യാനുള്ള സ്ഥലങ്ങൾ

– വെട്ടുകാട് ഇടവകയുടെ തെക്കേ അതിർത്തിയായ വയർലസ് സ്റ്റേഷൻ മുതൽ വടക്കേ അതിർത്തിയായ തോമസ് സെബാസ്റ്റ്യന്റെ വീട് വരെ.

– വേളി റോഡിൽ നിന്നും തുമ്പ റോഡിൽ എത്തിച്ചേരുന്ന ബാലനഗർ റോഡ്.

– വെട്ടുകാട് ജംഗ്ഷനിൽ നിന്നും കോൺവെന്റ് റോഡ് വഴി പ്രിമിയർ ഷോപ്പു വരെ.

–സെന്റ് സെബാസ്റ്റിൻ ചർച്ച് റോഡ് – വേളി റോഡ് മുതൽ മുസ്ലീം പള്ളി റോഡ് വരെ.

## നിബന്ധനകൾ

1. ടി ജോലികൾ 13.11.2018 ചൊവ്വാഴ്ച പണി പൂർത്തിയാക്കി 15.11.2018 വ്യാഴാഴ്ച വൈകുന്നേരം 7.00 മണിയ്ക്ക് മുമ്പ് പ്രവർത്തിച്ച് കുറവുകൾ പരിഹരിച്ച് പാരീഷ് കൗൺസിലിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2. ഇലുമിനേഷൻ, ലൈറ്റ് & സൗണ്ട്സ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള പവർ മുഴുവനും ജനറേറ്റർ വഴിയായിരിക്കും. ജനറേറ്റർ പ്രവർത്തിപ്പിക്കു

ന്നതിനുള്ള ഇന്ധനവും കരാർകാരൻ ആയിരിക്കണം വഹിക്കേണ്ടതാണ്. കൂടാതെ പ്രോസഷനും ഫ്ളോട്ടിനുമാവശ്യമായ ശബ്ദം കുറഞ്ഞ ജനറ്റേററും ആവശ്യമായ ലൈറ്റും, അവ കൊണ്ടുപോകുന്നതിനുള്ള വണ്ടിയും ഒരുക്കേണ്ടതാണ്.

3. ജോലിയുടെ 50% പൂർത്തിയാകുമ്പോൾ ക്വട്ടേഷൻ തുകയുടെ 40% നൽകുന്നതും, ജോലി മുഴുവനും പൂർത്തിയാകുമ്പോൾ ക്വട്ടേഷൻ തുകയുടെ 35% കൂടി നൽകുന്നതുമായിരിക്കും. ക്വട്ടേഷൻ തുകയുടെ ബാക്കി 25% ടി സാധനങ്ങൾ site-ൽ നിന്നും നീക്കം ചെയ്തതിന് ശേഷമായിരിക്കും നൽകുന്നത്.
4. മോശമായ കാലാവസ്ഥ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് യാതൊരു കാരണവശാലും അധികതുക നൽകുന്നതല്ല.
5. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വരെ ബോധ്യപ്പെടുത്തി റിക്കാർഡു ചെയ്യേണ്ടതാണ്. ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി വന്നാൽ കരാറു തുകയിൽ നിന്നും കുറവുവരുത്താൻ പാരീഷ് കൗൺസിലിന് അധികാരമുണ്ടായിരിക്കും.
6. ലൈറ്റ് & സൗണ്ട്സുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ഉദ്യോഗസ്ഥരെ കൊണ്ടുവന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതും (KSEB ഉൾപ്പെടെ) ആവശ്യമായ ചെലവ് കരാർകാരൻ തന്നെയായിരിക്കണം വഹിക്കേണ്ടത്.
7. 16.11.2018 കൊടിയേറ്റ് വെള്ളിയാഴ്ച 23,24,25 എന്നീ തീയതികളിൽ വൈകുന്നേരം 6 മണി മുതൽ പിറ്റേ ദിവസം രാവിലെ 6 മണി വരെയും 17, 18,19,20,21,22 എന്നീ തീയതികളിൽ വൈകുന്നേരം 6 മണി മുതൽ പതിനൊന്ന് മണിവരെ ഇലുമിനേഷൻ പ്രവർത്തിപ്പിക്കേണ്ടതാണ്. പ്രവർത്തനരഹിത സാധനങ്ങൾ യഥാസമയം മാറ്റി പുന:സ്ഥാപിക്കേണ്ടതാണ്.
8. എൽ.ഇ.ഡി കെട്ടുന്നതിനുള്ള Tower Pipe, Tube കെട്ടാനുള്ള മുളകൾ Box സ്ഥാപിക്കാനുള്ള stand കൾ മുതലായവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
9. 30.11.2018 ലെ കൊടിയിറക്ക് ദിവസം ദിവ്യബലി, കൊടിയിറക്ക് എന്നീ സ്ഥലങ്ങളിൽ ആവശ്യമായ ലൈറ്റും സൗണ്ട്സും ക്രമീകരിക്കേണ്ടതാണ്.
10. ഇലക്ട്രിക്കൽ ഇൻസ്പക്റ്ററേറ്റിൽ നിന്നും കരാറുകാരൻ അനുമതി വാങ്ങേണ്ടതാണ്.

## ഫ്ളോട്ട്

ഫ്ളോട്ട് വഹിക്കുന്ന വണ്ടിക്കകത്ത് ആവശ്യമായ എൽ.ഇ.ഡി ലൈറ്റും എം.എച്ച് ലൈറ്റും ട്യൂബ് ലൈറ്റും നൽകി പ്രകാശം ക്രമീകരിക്കേണ്ടതാണ്. കൂടാതെ വണ്ടിക്കകത്ത് ശബ്ദമില്ലാത്ത ജനറേറ്ററുകളും ഉപയോഗിക്കേണ്ടതാണ്.

NB:- കരാറുകാരൻ കൊണ്ടുവരുന്ന സാധനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരന് തന്നെയായിരിക്കും, സാധനങ്ങൾ നഷ്ടപ്പെടുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ പള്ളിയോ, പാരീഷ് കൗൺസിലോ യാതൊരുവിധ ഉത്തരവാദിത്വവും ഏറ്റെടുക്കുകയോ നഷ്ടപരിഹാര തുക നൽകുകയോ ചെയ്യുന്നതല്ല. യാതൊരു കാരണവശാലും പള്ളിയും പള്ളിയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും KSEB കറണ്ട് എടുക്കുവാൻ പാടുള്ളതല്ല. എടുത്തതായി ശ്രദ്ധയിൽപ്പെട്ടാൽ കമ്മിറ്റി തീരുമാനിക്കുന്ന പിഴ ഇടാക്കുന്നതാണ്.

| ഫാ. ജോസഫ് ബാസ്റ്റിൻ | റെറ്റി ഫെലിക്സ് | എ.വർഗ്ഗീസ് ഫെർണാണ്ടസ് |
|---|---|---|
| ഇടവകവികാരി | ധനകാര്യകൺവീനർ | സെക്രട്ടറി |